# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P-7/270/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 29/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P-7/270/2023 തീയ്യതി: 29/03/2023

## ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡപ്യൂട്ടി ഡയറക്ടർ | 22-02-2023 | 02-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-02-2023 | 02-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ഫമിൻ എസ്.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷിബു.എ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സി.സുധാകരകുറുപ്പ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.സനൽദത്ത്.ആർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അഞ്ജന. എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.വികാസ്.ആർ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.സുജാത കെ ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.ആരതി സുശീലൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.പ്രീത.എച്ച് | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.അമ്പിളി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശ്രീലത | എച്ച്.എം | 01-04-2021 | 31-03-2022 |
| ശ്രീ.കൃഷ്ണേന്ദ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.എം.ജനാർദ്ദനൻ നായർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.ഋഷി | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.രതീഷ് | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.മനോജ് | വി.ഇ.ഒ | 01-04-2021 | 31-03-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകം | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരമുള്ള എല്ലാ വരവും ചെലവും) | 1-4 |
| 6 | പദ്ധതി അവലോകനം. | 1-5 |
| 7 | ക്ഷേമപദ്ധതികൾ | 1-6 |
| 8 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 11 | ലൈസൻസ് ഇല്ലാതെ വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-10 |
| 12 | ഇ-ടെന്റർ ഫീസ് - 6.58 ലക്ഷം രൂപ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നു. | 1-11 |
| 13 | വിവിധ മരാമത്ത് പ്രവൃത്തികളിൽ ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ ലേല നടപടികൾ സ്വീകരിച്ചിട്ടില്ല | 1-12 |
| 14 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/ കുടുംബ പെൻഷൻ ലഭിക്കുന്നവർ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്നു. | 1-13 |
| 15 | MGNREGS - തീറ്റപ്പുൽ കൃഷി - 2018-19 ലെ എസ്റ്റിമേറ്റിലെ അപാകം - അധികച്ചെലവ് തിരികെ ഈടാക്കപ്പെട്ടിട്ടില്ല | 1-14 |
| 16 | 36 ലക്ഷം രൂപയുടെ നിക്ഷേപ പ്രവൃത്തികൾ - യഥാകാലം പൂർത്തിയായില്ല,ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ഡി.പി.സി അംഗീകാരം വാങ്ങാതെ പ്രോജക്ടിൽ മാറ്റം വരുത്തി | 1-15 |
| 17 | വിദ്യാലയങ്ങൾക്കും അങ്കണവാടികൾക്കും വാട്ടർടാങ്ക് വാങ്ങൽ- ചരക്ക് സേവന നികുതി ഈടാക്കിയില്ല, വാട്ടർ ടാങ്കുകൾ സ്ഥാപിച്ചിട്ടില്ല | 1-16 |
| 18 | പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിനുപയോഗിക്കാത്ത പണം വായ്പ തിരിച്ചടവിനത്തിൽ റ്റി.എസ്.പി ഫണ്ടിൽ നിന്ന് കുറവ് ചെയ്തു | 1-17 |
| 19 | കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല. | 1-18 |
| 20 | തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റ് - പ്രവർത്തനക്ഷമമായിട്ടില്ല. | 1-19 |
| 21 | എം.ജി.എൻ.ആർ.ഇ.ജി.എസ് - ധനവിനിയോഗത്തിലും പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തലിലും അപാകം | 1-20 |

| | | |
|---|---|---|
| 22 | പ്രൊക്യൂർമെന്റ് കമ്മറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല | 1-21 |
| 23 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം - പൊതു അപാകതകൾ | 1-22 |
| 24 | അഗതികൾക്ക് വീട് മെയിന്റനൻസ് - തുക സി.ഡി.എസ് അക്കൗണ്ടിൽ തുടരുന്നു | 1-23 |
| 25 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -പദ്ധതി പൂർത്തീകരിച്ചില്ല | 1-24 |
| 26 | പദ്ധതി ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുന്നില്ല. | 1-25 |
| 27 | അഗതി-ആശ്രയ - ഫണ്ടിന്റെ അഭാവത്തിൽ ആവശ്യമായ സേവനങ്ങൾ ലഭിക്കുന്നില്ല | 1-26 |
| | ഭാഗം **2** | |
| 1 | വിവിധ മരാമത്ത് പ്രവൃത്തികളിൽ ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ ലേല നടപടികൾ സ്വീകരിച്ചിട്ടില്ല | 2-1 |
| | ഭാഗം **3** | |
| 1 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/കുടുംബ പെൻഷൻ ലഭിയ്ക്കുന്നവർ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്നു | 3-1 |
| 2 | കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല. | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/ സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-2022 വർഷത്തെ ബജറ്റ് 16/02/21 ലെ I(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 211920200 | 208202200 |
| ഇൻകം ആന്റ് എക്സ്പെൻഡീച്ചർ പത്രിക പ്രകാരം | 219404830 | 234688168 |

## 1-2 വാർഷിക ധനകാര്യ പത്രിക

വാർഷിക ധനകാര്യ പത്രിക 12.07.22 ൽ എയിംസിൽ ലഭ്യമായി.

## 1-2-1 വാർഷിക കണക്കിലെ അപാകം

2021-22 ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

എ) ബയോബിൻ ലഭ്യമാക്കാൻ ഐ.ആർ.റ്റി.സി ക്ക് നൽകിയ 4.536 ലക്ഷം രൂപ തൻവർഷം തന്നെ ബയോബിൻ വിതരണം പൂർത്തിയായിട്ടും മുൻകൂർ എന്ന നിലയിൽ ആസ്തിയായി ബാലൻസ് ഷീറ്റിൽ (460500412) നിലനിർത്തിയിരിക്കുന്നു. പ്രോജക്ട് നം.134/22, ഐ.ആർ.റ്റി.സി റസീപ്റ്റ് തീയതി – 19.3.22.

ബി) വസ്തു നികുതി, വാടക എന്നിവയുടെ 31.3.21 ൽ പിരിച്ചെടുക്കാൻ ബാക്കിനിന്ന തുകയും (ബാലൻസ് ഷീറ്റ് (റിസീവബിൾസ്) പ്രകാരം) തൻവർഷം അരിയറായി പിരിച്ചെടുത്തതുകയും (റസിപ്റ്റ് &പേയ്മെന്റ് പത്രിക)തൻവർഷാവസാനം പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്നതുകയും തമ്മിൽ (31.3.22 ലെ ബാലൻസ് ഷീറ്റ് (റിസീവബിൾസ്))പൊരുത്തപ്പെടുന്നില്ല.

സി) കെ.എസ്.ഇ.ബിയിൽ വിവിധ പ്രവർത്തികൾക്കായി നിക്ഷേപിച്ചതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതുമായ തുക 40.4 ലക്ഷത്തിൽ അധികമാണ്. എന്നാൽ 31.3.22 ലെ ബാലൻസ് ഷീറ്റിൽ അഡ്വാൻസായി 30.9 ലക്ഷം മാത്രമാണ് ഉൾപ്പെടുത്തപ്പെട്ടിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 61.972 ലക്ഷം രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുവാനുള്ളതായി ഇത് സംബന്ധിച്ച രജിസ്റ്ററിൽ (നിർവ്വഹണ ഏജൻസികൾക്ക് നൽകിയ മുൻകൂർ മാത്രം രേഖപ്പെടുത്തിയത്) കാണുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ വാട്ടർ അതോറിറ്റിക്ക് നൽകിയതിൽ ക്രമീകരിക്കാനുള്ള മുൻകൂറായി (ബാലൻസ് ഷീറ്റ്) 25 ലക്ഷം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് .

ഡി) ബാലൻസ് ഷീറ്റിൽ വികസന ഫണ്ട് (എസ്.സി.പി) 15.38 ലക്ഷം രൂപ ബാദ്ധ്യതയായി 320200102 ശീർഷകത്തിലും CFC 2.47 ലക്ഷം രൂപ ബാദ്ധ്യതയായി 320200104 ശീർഷകത്തിലും നിലനിൽക്കുന്നു. തത്തുല്യമായ ആസ്തി ശീർഷകം വ്യക്തമാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

ഇ) വികസന ഫണ്ട് ജനറൽ, ടി.എസ്.പി, എസ്.സി.പി, മെയിന്റനൻസ് ഫണ്ട് റോഡ്, റോഡിതരം എന്നിവയിൽ ഇൻകം &എക്സ്പന്റീച്ചർ പത്രികയും റസിപ്റ്റ് & പേയ്മന്റ് പത്രികയും തമ്മിൽ അന്തരമുണ്ട്. ബാലൻസ് തുക അക്കൗണ്ടിൽ നിലനിൽക്കാത്തതിനാൽ ഈ വ്യതിയാനത്തിന് സാദ്ധ്യതയില്ലാത്തതാണ്. വ്യതിയാനം ബാലൻസ് ഷീറ്റിൽ ഏതെങ്കിലും ശീർഷകത്തിൽ ആസ്തി ബാദ്ധ്യതകളായി ഉൾപ്പെടുത്തപ്പെട്ടിട്ടില്ല.

എഫ്) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വിവിധ ഫണ്ടുകളുടേയും ഗ്രാന്റുകളുടേയും (വികസന ഫണ്ട് ജനറൽ, ടി.എസ്.പി, എസ്.സി.പി, മെയിന്റനൻസ് ഫണ്ട് റോഡ്, റോഡിതരം, കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് റൈഡ്, അൺറൈഡ്) അലോട്ട്മന്റ്, വരവ്, ചെലവ്, നീക്കിയിരുപ്പ് മുതലായവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. (ഇൻകം &എക്സ്പന്റീച്ചർ പത്രിക ഷെഡ്യൂൾ ഐ6,റസിപ്റ്റ് & പേയ്മന്റ് പത്രിക ഷെഡ്യൂൾ ആർപി 7, ബാലൻസ് ഷീറ്റ് ബി 4, )

ജി) വാട്ടർ വെയ്സിന്റെ അക്യൂമുലേറ്റഡ് ഡിപ്രീസിയേഷൻ 31.3.21 ൽ 2.61 ലക്ഷം ആയിരുന്നത് 31.3.22ൽ 5.61 ലക്ഷമായി വർദ്ധിച്ചു . ഇത് മറ്റ് ആസ്തി രേഖകളുമായി പൊരുത്തപ്പെടുന്നില്ല.

എച്ച്) ആസ്തി രജിസ്റ്റർ പ്രകാരമുള്ള ആസ്തിമൂല്യം വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. റോഡുകളുടെ അപ്ഗ്രഡേഷനനുസരിച്ച് ആസ്തിയിൽ പുതിയത് ചേർക്കുന്നതിനൊപ്പം പഴയത് ഒഴിവാക്കുന്നില്ല. ഒരു റോഡിന്റെ മൊത്തം ആസ്തിമൂല്യത്തിന് പകരം ഒരേ റോഡ് തന്നെ ഗ്രാവൽ, മെറ്റൽ, ടാർഡ് /കോൺക്രീറ്റ് എന്ന നിലയിൽ ചേർക്കപ്പെടുന്നു.

ഐ) അഡ്വാൻസ്, ഡിപ്പോസിറ്റ് എന്നിവ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ ഓഡിറ്റിൽ ലഭ്യമായിട്ടില്ല. ആകയാൽ ബാലൻസ് ഷീറ്റിലെ ബന്ധപ്പെട്ട ശീർഷകങ്ങളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.
ജെ) തൻവർഷം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ വന്ന വർദ്ധനവ്, 31.3.21, 31.3.22 തീയതികളിലെ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ്, തൻവർഷം സ്ഥാവര ആസ്ഥിയിൽ വന്ന വർദ്ധനവ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല
കെ) 450410101 ശീർഷകത്തിൽ എസ്.ബി.റ്റി ലിറ്ററസി പ്രോഗ്രാം 3968 രൂപ ബാലൻസ് ഉള്ളതായി ബാലൻസ് ഷീറ്റിൽ കാണുന്നു. തത്തുല്യമായി യഥാക്രമം 320200109 ശീർഷകത്തിൽ ബാദ്ധ്യതയും ഉണ്ട്. ഇതിന്റെ കൃത്യത പരിശോധിക്കുവാനാവശ്യമായ ബാങ്ക് രേഖകൾ ലഭ്യമാക്കിയിട്ടില്ല.
അപാകങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/27.02.2023, 12/01.03.2023) മറുപടിയും ലഭ്യമായില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19670152 |
| വരവ് | 119211209 |
| ആകെ | 138881361 |
| ചെലവ് | 118122086 |
| നീക്കിയിരിപ്പ് | 20759275 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ നിരാകരിച്ച തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7526453 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരമുള്ള എല്ലാ വരവും ചെലവും)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വി.ഫണ്ട് (ജനറൽ) | 0 | 18453261 | 18453261 | 16434180 | 2019081 |
| വി.ഫണ്ട് (എസ്.സി.പി) | 0 | 13990348 | 13990348 | 125393300 | 1451048 |
| വി.ഫണ്ട് (ടി.എസ്.പി) | 0 | 171306 | 171306 | 148648 | 22658 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 14092926 | 14092926 | 11880466 | 2212460 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 8020596 | 8020596 | 6442305 | 1578291 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | 0 | 5125535 | 5125535 | 4211505 | 914030 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 12395510 | 12395510 | 4557021 | 7838489 |
| പെർഫോമൻസ് ഗ്രാന്റ് | 1192490 | 587971 | 1780461 | 614000 | 1166461 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയത്- ശതമാനം |
|---|---|---|---|---|---|---|
| 148 | 122500737 | 101 | 68483749 | 17 | 30 | 80 |

## 1-6 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 12512800 | 734 |
| വാർധക്യകാല പെൻഷൻ | 50449900 | 2767 |
| ഡിസ്എബിലിറ്റി പെൻഷൻ | 6933500 | 423 |
| അവിവാഹിത പെൻഷൻ | 1217600 | 79 |
| വിധവ പെൻഷൻ | 24472800 | 1491 |

## 1-7 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ഭരണചെലവുകൾ | 1389886 | 1459036 | 2848922 | 2088610 | 760312 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ഗുണഭോക്താക്കൾക്ക് നേരിട്ടു കൈമാറുന്ന പണം | 0 | 38427464 | 38427464 | 38427464 | 0 |
| | 1389886 | 39886500 | 41276386 | 40516074 | 760312 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-02-23 തീയ്യതിയിൽ 3-11 Pmന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ

53391/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. ഗ്രാമപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പല ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പലതിലും മിനിറ്റ്സ് ക്ലോസ് ചെയ്യുന്നില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3.വിവിധ നിർമ്മാണ പ്രവൃത്തികളിൽ നീക്കം ചെയ്യപ്പെട്ടതും പുനരുപയോഗമുള്ളതുമായ സാധനങ്ങൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തി ഗ്രാമപഞ്ചായത്തിന് സർവ്വെ റിപ്പോർട്ട് കൈമാറിയിട്ടുള്ളതാണ്. എന്നാൽ ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. ലേല രജിസ്റ്ററിൽ സർവ്വേ റിപ്പോർട്ട് പ്രകാരമുള്ള വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും യഥാസമയം ലേല നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ബോർഡ് സ്ഥാപിക്കുന്നതിനുള്ള ചെലവിനായി തുക പിൻവലിക്കുകയും അത് അഡ്മിൻ അക്കൗണ്ടിൽ നിലനിർത്തുകയും ചെയ്യുന്നു. കാലിത്തൊഴുത്ത് നിർമ്മാണം എന്ന പദ്ധതിയുടെ മെറ്റീരിയൽസിന്റെ വിലയിനത്തിലും ഇപ്രകാരം തുക പിൻവലിച്ച് അഡ്മിൻ അക്കൗണ്ടിലിട്ട ശേഷം ചെലവഴിക്കുന്നു.

5. പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. പുതിയതായി നിർമ്മിക്കപ്പെട്ട ബഡ്സ് സ്കൂൾ, എം.സി.എഫ്, എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ എന്നിവയൊന്നും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

6.ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

7.റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 ലൈസൻസ് ഇല്ലാതെ വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു

1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറും -ലൈസൻസ് രജിസ്റ്ററും ട്രേഡേഴ്സ് ലിസ്റ്റും താരതമ്യം ചെയ്ത് പരിശോധിച്ചതിൽ നിന്നും നിരവധി സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ.

| ക്രമനം | കെട്ടിട ഉടമയുടെ പേരും മേൽവിലാസവും | ഉപയോഗം |
|---|---|---|
| 1 | കുസുമരാജൻ എം.സി, സുരഭി, ഈരേഴ വടക്ക് 9/424 | മെഡിക്കൽ സ്റ്റോർ |
| 2 | ഗോപകുമാർ, രേവതി ഭവനം മറ്റം വടക്ക്, 2/263/A | മൈക്രോ മാനുഫാക്ച്ചറിംഗ് |
| 3 | അജേഷ്.സി.ആർ, ചിറയിൽകണ്ടത്തിൽ, ഈരേഴ തെക്ക് 9/138 | പലചരക്ക് സ്റ്റേഷനറി |
| 4 | ആകാശ് രാജ്, ആകാശ് ഭവനം, കൊയ്പ്പള്ളി കാരാഴ്മ12/570 | പലചരക്കു വ്യാപാരം |
| 5 | ബിജു.കെ.പുണർതം, മേടമുക്ക്, കായംകുളം 13/199 A | ഇരുമ്പ് വ്യാപാരം |
| 6 | ടി.ജി.ബാലകൃഷ്ണൻ, ചാങ്കുരേത്ത്, ആഞ്ഞിലിപ്രാ 3/237 | ശ്രീകൃഷ്ണ വുഡ് ഇൻഡസ്ട്രീസ് |

മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 13/02.03.23 ന് മറുപടി ലഭ്യമാക്കിയില്ല. ലൈസൻസെടുക്കാതെ/പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസീടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 ഇ-ടെന്റർ ഫീസ് - 6.58 ലക്ഷം രൂപ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിലനിൽക്കുന്നു.

ഗ്രാമപഞ്ചായത്ത് 2015-16 വർഷം മുതൽ 2021-22 വരെ ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിക്ഷേപിച്ച 6.58 ലക്ഷം രൂപ ഇതേ വരെയും തിരികെ ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ടുകളുടെ എണ്ണം | ടെന്റർ ഫീസിനത്തിൽ ഒടുക്കിയ തുക. |
|---|---|---|
| 2014-15 | 38 | 46355 |
| 2015-16 | 47 | 87275 |
| 2016-17 | 74 | 115390 |
| 2017-18 | 11 | 19900 |
| 2018-19 | 46 | 87948 |
| 2019-20 | 33 | 69927 |
| 2020-21 | 45 | 82634 |
| 2021-22 | 85 | 148637 |
| | | 658066 |

ഇപ്രകാരം നാളിതുവരെ ഒടുക്കിയ തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 വിവിധ മരാമത്ത് പ്രവൃത്തികളിൽ ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ ലേല നടപടികൾ സ്വീകരിച്ചിട്ടില്ല

2020-21 സാമ്പത്തിക വർഷം വിവിധ മരാമത്ത് പ്രവൃത്തികളിൽ നീക്കം ചെയ്യപ്പെട്ടതും പുനരുപയോഗമുള്ളതുമായ സാധനങ്ങൾക്ക് താഴെ പറയും പ്രകാരം മൂല്യനിർണ്ണയം നടത്തി ഗ്രാമപഞ്ചായത്തിന് സർവ്വെ റിപ്പോർട്ട് കൈമാറിയിട്ടുണ്ട്. സർവ്വെ റിപ്പോർട്ടുകൾ പ്രകാരമുള്ള മൂല്യനിർണ്ണയങ്ങളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് നം. | പേര് | നീക്കം ചെയ്യപ്പെട്ട സാധനങ്ങളുടെ വിവരം | സർവ്വെ റിപ്പോർട്ട് പ്രകാരമുള്ള മൂല്യം |
|---|---|---|---|
| S0050/21 | ഗവ.എൽ.പി.എസ് തെക്കേക്കര മേൽക്കൂര നവീകരണം<br>സർവ്വെ റിപ്പോർട്ട് Dt . 31/05/21 | MP Tiles, MP Hip Tiles, Anjiliwood Scandlings | 54052 |
| S0105/22 | ഗവ.എൽ.പി.എസ് തെക്കേക്കര നോർത്ത് മേൽക്കൂര നവീകരണം<br>13/7/21 | MP Tiles, MP Hip Tiles, Anjiliwood Scandlings | 24442 |
| 145/22 | എഫ്.എച്ച്.സി ടോയിലറ്റ് മെയിന്റനൻസ് | Door-3nos. | 8100 |
| 33/21 | സ്കൂളുകളുടെ പുനരുദ്ധാരണം | MP Tiles, MP Hip Tiles, Anjiliwood Scandlings | 2279 |
| | | | 88873 |

ലേല നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം, ഇതേ വരെയും ലേല നടപടികൾ സ്വീകരിച്ചിട്ടില്ലായെങ്കിൽ അതിന്റെ കാരണം എന്നിവ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

അടിയന്തിരമായി ലേല നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/ കുടുംബ പെൻഷൻ ലഭിയ്ക്കുന്നവർ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്നു.

സാമൂഹ്യപെൻഷൻ സംബന്ധിച്ച വിതരണ രേഖകളും സേവന പെൻഷൻ സോഫ്റ്റ് വെയറും പരിശോധിച്ചതിൽ, സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/കുടുംബ പെൻഷൻ ലഭിയ്ക്കുന്ന ഗുണഭോക്താക്കാൾ അനർഹമായി സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റിയതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ,

| ക്രമ നം | പെൻഷൻ ഐഡി നം | പേര് മേൽവിലാസം | പി.പി.ഒ നം& ട്രഷറി | പെൻഷൻ അനുവദിച്ച തീയതി മുതൽ സസ്പെൻഡ് ചെയ്യപ്പെട്ട തീയതി വരെ ഉള്ള തുക സേവന പ്രകാരം | തിരികെ അടവാക്കിയ തുക | ബാലൻസ് തുക |
|---|---|---|---|---|---|---|
| 1 | 104830100697 | ശാരദാമ്മ, കൈതവിളയിൽ, മേനാംമ്പള്ളി | CQR/6175 | 41800 | 0 | 41800 |
| 2 | 104830101149 | ജാനകി, ചന്ദ്രഭവനം, ഈരേഴ വടക്ക് | ലഭ്യമല്ല | 58700 | 0 | 58700 |
| 3 | 104830101493 | ഓമന കളത്തിന്റെ വടക്കതിൽ | 86230707 | 52100 | 0 | 52100 |
| 4 | 104830101612 | പൊന്നമ്മ.കെ, ശരത് ഭവനം, കണ്ണമംഗലം തെക്ക് | ലഭ്യമല്ല | 52100 | 0 | 52100 |
| 5 | 104830201105 | ചെല്ലമ്മ , പേരാമ്പ്രയിൽ, കൊയ്പ്പള്ളി കാരായ്മ | Cgr/1892 | 25500 | 12000 | 13500 |
| 6 | 104830201523 | വിജയമ്മ.എൽ, ചെങ്കിലത്ത് വീട്, കടവൂർ | ലഭ്യമല്ല | 68100 | 0 | 68100 |
| 7 | 104830201990 | തങ്കമ്മ യോഹന്നാൻ, തണ്ടളത്ത് കരീപ്പുഴ | ലഭ്യമല്ല | 81900 | 0 | 81900 |
| 8 | 104830202414 | ഗോപാലകൃഷ്ണപിള്ള , കൊച്ചുവീട്ടിൽ പീടികയിൽ, ഈരേഴതെക്ക് | 36208607 | 52500 | 0 | 52500 |
| 9 | 104830202566 | വിജയമ്മ, വിജയഭവനം, കണ്ണമംഗലം തെക്ക് | Cgr/8892 | 32600 | 0 | 32600 |
| 10 | 104830202903 | സാവിത്രിയമ്മ, ഈരേഴ വടക്ക് | Cgr/7151 | 6700 | 3500 | 3200 |
| 11 | 104830202923 | രത്നമ്മ, ശ്രീനിലയം, മേനാംമ്പള്ളി | Cgr/8831 | 3700 | 0 | 3700 |

| | | | | | | |
|---|---|---|---|---|---|---|
| 12 | 104830202945 | ആനന്ദക്കുഞ്ഞമ്മ, നമ്പിയത്ത് വീട്, കൈതവടക്ക് | ലഭ്യമല്ല | 32600 | 0 | 32600 |
| 13 | 104830400336 | സോമരാജ്. പി.എൻ പച്ചമ്പള്ളി | ലഭ്യമല്ല | 64100 | 0 | 64100 |
| 14 | 104830203277 | സരസമ്മ, കൃഷ്ണാലയം, ഈരേഴതെക്ക് | ലഭ്യമല്ല | 31500 | 0 | 31500 |
| 15 | 104830203106 | അച്യുതൻ പിള്ള, എ.ആർ വില്ല, ഈരേഴവടക്ക് | ലഭ്യമല്ല | 31500 | 0 | 31500 |
| | | | | | ആകെ | 619900 |

ധനകാര്യവകുപ്പിന്റെ (എസ്.എഫ്.സി.സെൽ-ബി)23/01/2020 ലെ 07/2020 നം സർക്കുലർ പ്രകാരം സാമൂഹ്യസുരക്ഷാപെൻഷൻ അനർഹമായി കൈപ്പറ്റി വരുന്ന സർക്കാർ ജീവനക്കാർ/സർവ്വീസ് പെൻഷണർമാർ/കുടുംബപെൻഷണർമാർ എന്നിവരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മേൽ പെൻഷണർമാരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 14/02-03-23 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ വ്യക്തികൾ അനധികൃതമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 MGNREGS - തീറ്റപ്പുൽ കൃഷി - 2018-19 ലെ എസ്റ്റിമേറ്റിലെ അപാകം - അധികച്ചെലവ് തിരികെ ഈടാക്കപ്പെട്ടിട്ടില്ല

2018-19 ൽ MGNREGS വഴി നടപ്പാക്കിയ 45 തീറ്റപ്പുൽ കൃഷി പ്രോജക്റ്റുകളിൽ എസ്റ്റിമേറ്റിലെ അപാകം നിമിത്തം പഞ്ചായത്തിന് നഷ്ടം സംഭവിച്ചതിനെ കുറിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 10.2.2020 ലെ കെ.എസ്.എ എഎൽപി /പി7/144/2020 ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ഇത് സാങ്കേതിക വിഭാഗത്തിന്റെ പിഴവ് മൂലമാണെന്ന് പഞ്ചായത്ത് ഡയറക്ടർ തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് 9.12.2020 ൽ നൽകിയ റിപ്പോർട്ടിലും പറയുന്നു. എന്നാൽ മേൽപ്പറഞ്ഞ തുക തിരികെ ഈടാക്കപ്പെട്ടിട്ടില്ല. 2022-23 ൽ തീറ്റപ്പുൽ കൃഷിക്കായി പ്രോജക്റ്റുകൾ ഒന്നും തന്നെ വിഭാവനം ചെയ്തിട്ടില്ല. മേൽപ്പറഞ്ഞ പിഴവ് മൂലം പഞ്ചായത്തിനു നഷ്ടമായ തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കുവാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയും ലഭ്യമാക്കിയില്ല (നം.1/22.2.2023). സാങ്കേതിക വിഭാഗത്തിന്റെ പിഴവ് മൂലം സംഭവിച്ച നഷ്ടം തിരികെ ഈടാക്കുവാൻ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 36 ലക്ഷം രൂപയുടെ നിക്ഷേപ പ്രവൃത്തികൾ - യഥാകാലം പൂർത്തിയായില്ല,ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ഡി.പി.സി അംഗീകാരം വാങ്ങാതെ പ്രോജക്റ്റിൽ മാറ്റം വരുത്തി

വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നിവയിൽ ഒടുക്കുവരുത്തിയ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആകയാൽ 3600980 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ പ്രവൃത്തികളിൽ നിർവ്വഹണ ഏജൻസികളുമായി പൂർത്തീകരണ കാലയളവ് ഉൾപ്പടെ രേഖപ്പെടുത്തി കൃത്യമായ കരാർ പഞ്ചായത്ത് ചമച്ചിട്ടില്ല.

| ക്രമനം. | പ്രോജക്റ്റ് നം, പേര് | ഏജൻസി | അടങ്കൽ (രൂപ) | ചെലവ് (രൂപ) | ബിൽ/വൗച്ചർ നം. തീയതി |
|---|---|---|---|---|---|
| 1 * | 159/22 ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ അധിക തുക നൽകൽ | കെ.എസ്.ഇ.ബി | 562000 | 561104 വികസന ഫണ്ട് | 00845514/ 27.12.21 |
| 2 | 190/22 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 713800 (697200+ | 713200 (697200 CFC ഗ്രാന്റ് , | XVFC/21-22/p/44 /28.3.22 658975 രൂപ |

| | | | | | |
|---|---|---|---|---|---|
| | | | 16800) | 16000 തനത് ഫണ്ട് ) | XVFC/21-22/p/45 /28.3.22 38225രൂപ 0310/28.3.22 16000രൂപ |
| 3 | 191/22 ഇലക്ട്രിക് ലൈൻ നീട്ടൽ | കെ.എസ്.ഇ.ബി | 5 ലക്ഷം | 367546 CFC ഗ്രാന്റ് | XVFC/21-22 /p/46/28.3.22 |
| 4 | 194/22 പോസ്റ്റ് ഷിഫ്റ്റിംഗ് തുക നൽകൽ | കെ.എസ്.ഇ.ബി | 1.6 ലക്ഷം | 159130 വികസനഫണ്ട് | 1299141/ 10.3.22 |
| 5** | 193/22 പാലമുക്ക് ലക്ഷം വീട് കോളനിയിൽ കുടിവെള്ളം | ഭൂജല വകുപ്പ് | 18 ലക്ഷം | 18ലക്ഷം CFC ഗ്രാന്റ് | XVFC/21-22 /p/43/28.3.22 |

*ഈ പ്രോജക്ടിന്റെ ആകെ അടങ്കൽ 2961092 രൂപയായിരുന്നു ഇതിൽ 24 ലക്ഷം രൂപ 2020-21 ൽ ഒടുക്കി (പ്രോജക്ട് നം -250/21 ആകെ ചെലവ് 34ലക്ഷം, ബിൽ.റഫ.നം.1415521/29.3.22). ഈ പ്രോജക്ടിനായി ആകെ ചെലവഴിച്ച 2961092 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുവാനുണ്ട്.

** പാലമുക്ക് ലക്ഷം വീട് കോളനിയിൽ കുടിവെള്ളം എന്ന പ്രോജക്ടിൽ 8,9,10 വാർഡുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കുഴൽകിണർ സ്ഥാപിക്കാനാണ് വിഭാവനം ചെയ്തത്. പതിനെട്ട് ലക്ഷം രൂപ അടങ്കലും നിശ്ചയിച്ചു. എന്നാൽ ഇതാനായി കേരള ഭൂജല വകുപ്പ് ലഭ്യമാക്കിയ അടങ്കൽ 5.05 ലക്ഷം രൂപയുടേത് മാത്രമായിരുന്നു. തുടർന്ന് 1,9,20 വാർഡുകളിലെ മറ്റ് നാല് കോളനികളിലെ കുടിവെള്ള പ്രോജക്ടുകൾക്കുകൂടി ഈ പണം വിനിയോഗിക്കാൻ പ്രസിഡന്റ് നിർദ്ദേശിക്കുകയും (തീയതി രേഖപ്പെടുത്തിയിട്ടില്ല) പതിനെട്ട് ലക്ഷം രൂപ തന്നെ ഭൂജല വകുപ്പിൽ കെട്ടിവയ്ക്കുകയും ആയിരുന്നു. ഈ നടപടി 18.4.22 ലെ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുമുണ്ട്. 25.3.22 വരെ പ്രോജക്ട് റിവൈസ് ചെയ്യാമെന്നിരിക്കെ ആയതിന് ശ്രമിച്ചിട്ടില്ല (ഇത് ക്ലർക്ക് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്). ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഉചിതമായ മറ്റ് പ്രോജക്ടുകൾ സമയപരിധിക്കകം കണ്ടെത്തുന്നതിലെ പ്രയാസവും കുടിവെള്ള ക്ഷാമം രൂക്ഷമായ നിരവധി പ്രദേശങ്ങൾ ഉള്ള പഞ്ചായത്തിൽ ആയതിന് പരിഹാരം കാണാനുതകുന്ന ഫണ്ട് നഷ്ടമാകുന്നത് തടയുക എന്ന സദുദ്ദേശവും ആണ് പ്രോജക്ട് അടങ്കലായി നിശ്ചയിച്ച മുഴുവൻ തുകയും എസ്റ്റിമേറ്റില്ലാതെ തന്നെ ഭൂജല വകുപ്പിൽ നിക്ഷേപിക്കുന്നതിലേക്ക് നയിച്ചത് എന്ന് വ്യക്തമാക്കുന്നുണ്ട്. (ഈ പ്രോജക്ടുകൾക്കായി 29.4.22 ൽ ഭൂജല വകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റ് 23.77 ലക്ഷം രൂപയുടേതാണ്. 18 ലക്ഷം കഴിച്ച് ബാക്കി 5.77 ലക്ഷം രൂപ കെട്ടിവയ്ക്കാൻ 117/23 നമ്പരായി 2022-23 ൽ മറ്റൊരു പ്രോജക്ട് വിഭാവനം ചെയ്തിട്ടുണ്ട്) മേൽപ്പറഞ്ഞ പ്രോജക്ടുകൾ പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം വാങ്ങി ഓഡിറ്റിൽ ലഭ്യമാക്കി 3600980/- രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. പ്രോജക്ട് റിവൈസ് ചെയ്ത് ഡി.പി.സി. അംഗീകാരം വാങ്ങാതെ പണം ചെലവഴിക്കുന്നത് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം- നം. 2/27.2.23
നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

## 1-16 വിദ്യാലയങ്ങൾക്കും അങ്കണവാടികൾക്കും വാട്ടർടാങ്ക് വാങ്ങൽ- ചരക്ക് സേവന നികുതി ഈടാക്കിയില്ല, വാട്ടർ ടാങ്കുകൾ സ്ഥാപിച്ചിട്ടില്ല

പൊതുസ്ഥാപനങ്ങൾക്ക് വാട്ടർടാങ്ക് വാങ്ങി സ്ഥാപിക്കൽ, സ്കൂളുകളിൽ വാട്ടർടാങ്ക് സ്ഥാപിക്കൽ എന്നീ പ്രോജക്ടുകളിൽ ഓരോന്നിലും വാട്ടർടാങ്കുകൾ വാങ്ങാൻ 2.5 ലക്ഷം രൂപയിൽ അധികം ചെലവഴിച്ചെങ്കിലും പണം അനുവദിച്ചപ്പോൾ നിയമപ്രകാരം ഉത്ഭവത്തിൽ കുറവ് ചെയ്യേണ്ട രണ്ട് ശതമാനം ചരക്ക് സേവന നികുതി കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കിയില്ല. ഇതുമൂലം കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ജി.എസ്.റ്റി ഇനത്തിൽ നഷ്ടം സംഭവിച്ചിരിക്കാനിടയുണ്ട്.

മുപ്പത് അങ്കണവാടികൾക്കും പതിമൂന്ന് സ്കൂളുകൾക്കും ജലസംഭരണികൾ സ്ഥാപിക്കുവാനായി വിഭാവനം ചെയ്ത പൊതുസ്ഥാപനങ്ങൾക്ക് വാട്ടർടാങ്ക് വാങ്ങി സ്ഥാപിക്കൽ എന്ന പ്രോജക്ടിൽ 1000 ലിറ്ററിന്റെ 30 ജലസംഭരണികളും 3000 ലിറ്ററിന്റെ 13 ജലസംഭരണികളും ടൈടെക് ട്രേഡേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുകയും ഇതിന്റെ വിലയായി 447050 രൂപ രണ്ട് ബില്ലുകൾ വഴി പ്രസ്തുതസ്ഥാപനത്തിന് നൽകുകയും ചെയ്തു. എന്നാൽ ഇതിന്റെ കേന്ദ്ര, സംസ്ഥാന ചരക്ക് സേവന നികുതികൾ ഒരു ശതമാനം വീതം അതായത് 4471 രൂപ വീതം

ആകെ 8942 രൂപ ഈടാക്കേണ്ടതായിരുന്നു.

സ്കൂളുകളിൽ വാട്ടർടാങ്ക് സ്ഥാപിക്കൽ എന്ന പ്രോജക്റ്റ് വഴി 20000 ലിറ്ററിന്റെ 4 ജലസംഭരണികളും 25000 ലിറ്ററിന്റെ 5 ജലസംഭരണികളും വാങ്ങുകയുണ്ടായി. ഇതിന്റെ വിലയായ 281421 രൂപ സൗത്ത് ഇൻ പോളിമേഴ്സ് , തേങ്കുറിശ്ശി, പാലക്കാട് എന്ന സ്ഥാപനത്തിന് നല്കിയപ്പോൾ ഒരു ശതമാനം വീതം കേന്ദ്ര, സംസ്ഥാന ചരക്ക് സേവന നികുതി ഈടാക്കിയില്ല. 2814 രൂപ വീതം 5628 രൂപ ആകെ ഈടാക്കേണ്ടിയിരുന്നു.

ഇരു പ്രോജക്റ്റുകളിലുമായി 14570 രൂപ ചരക്ക് സേവന നികുതി കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കിയിട്ടില്ല. ഇരു പ്രോജക്റ്റിലുമായി വാങ്ങിയ 52 വാട്ടർടാങ്കുകളും ഇതുവരെയും സ്ഥാപിക്കപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കുടിവെള്ളക്ഷാമം രൂക്ഷമായതിനാലാണ് ലഭ്യമായ ഫണ്ടുപയോഗിച്ച് ജലസംഭരണികൾ വാങ്ങിയത് എന്നും ജി.എസ്.റ്റി ഇനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന തുക പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കി ഒടുക്കുന്നതാണെന്നും ടാങ്കുകൾ സ്ഥാപിക്കുന്നതിന് 2022-23 ൽ പ്രോജക്റ്റ് തയ്യാറാക്കി ഡി.പി.സി അംഗീകാരം വാങ്ങിയിട്ടുണ്ടെന്നും (നം. 35/23)നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറി മറുപടി ലഭ്യമാക്കി .

വാട്ടർ ടാങ്കുകൾ അടിയന്തിരമായി സ്ഥാപിച്ച് ഉപയോഗപ്രദമാക്കുന്നതിനും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ജി.എസ്.റ്റി ഇനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന 14570 രൂപ ഈടാക്കി കേന്ദ്ര സംസ്ഥാന സഞ്ചിത നിധിയിലെ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കേണ്ടതാണ്. ഒറ്റവർഷം കൊണ്ട് പൂർത്തിയാക്കാൻ കഴിയാത്ത ഈ പ്രോജക്റ്റിനെ ബഹുവർഷ പ്രോജക്റ്റായി വിഭാവനം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്. വാട്ടർ ടാങ്കുകൾ ഇതേ വരെയും(2/23) സ്ഥാപിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക (447050+281421)ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം

I)പ്രോജക്റ്റ് നം. 78/22പൊതുസ്ഥാപനങ്ങൾക്ക് വാട്ടർടാങ്ക് വാങ്ങി സ്ഥാപിക്കൽ

അടങ്കൽ- 5ലക്ഷം രൂപ,കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - 447050രൂപ

വൗച്ചർ നം/ബിൽ നം.XVFC/21-22/p/47 , 327950രൂപ ,തീയതി-24.03.22

വൗച്ചർ നം/ ബിൽ നം. XVFC/21-22/p/50 , 119100 രൂപ,തീയതി-30.03.22

Ii)പ്രോജക്റ്റ് നം. 161/22 സ്കൂളുകളിൽ വാട്ടർടാങ്ക് സ്ഥാപിക്കൽ

അടങ്കൽ- 5ലക്ഷം രൂപ,കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - 281421 രൂപ

വൗച്ചർ നം/ ബിൽ നം. XVFC/21-22/p/48 , 115076 രൂപ, തീയതി - 30.3.22

വൗച്ചർ നം/ ബിൽ നം. XVFC/21-22/p/49, 156395 രൂപതീയതി- 31.3.22
ഓഡിറ്റ് അന്വേഷണം- നം. 2/27.2.23
നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

## 1-17 പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിനുപയോഗിക്കാത്ത പണം വായ്പ തിരിച്ചടവിനത്തിൽ റ്റി.എസ്.പി ഫണ്ടിൽ നിന്ന് കുറവ് ചെയ്തു

ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്തിൽ ഇതുവരെ ലൈഫ് പദ്ധതി വഴി പട്ടികവർഗ്ഗ വിഭാഗത്തിലെ ഗുണഭോക്താക്കൾക്കാർക്കും തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടില്ല എന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ രേഖകളിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ പഞ്ചായത്തിന്റെ കെ.യു.ആർ.ഡി.എഫ്.സി വായ്പ തുക ഉൽഭവത്തിൽ കുറവ് ചെയ്തപ്പോൾ റ്റി.എസ്.പി ഫണ്ടിൽ നിന്ന് 8744 രൂപ കുറവ് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിനായി 174/22 എന്ന പ്രോജക്റ്റും തയ്യാറാക്കപ്പെട്ടു. മറ്റ് വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് വിനിയോഗിച്ച പണം പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമായി ഉപയോഗപ്പെടുത്തേണ്ട ഫണ്ടിൽ നിന്നും കുറവ് ചെയ്യപ്പെട്ടത് നീതിയുക്തമല്ല. അപാകം പരിഹരിച്ച് തുക തിരികെ ലഭ്യമാക്കി പട്ടിക വർഗ്ഗങ്ങൾക്ക് മാത്രമായി വിനിയോഗിക്കേണ്ടതും ഇത്തരത്തിൽ റ്റി.എസ്.പി ഫണ്ട് തെറ്റായി കുറവ് ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പിക്കേണ്ടതുമാണ്.

## 1-18 കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല.

പഞ്ചായത്തിൽ നിർവഹിക്കപ്പെടുന്ന വിവിധ ടാറിംഗ് പ്രവൃത്തികളുടെ ആകെ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയായി 18% ജി.എസ്.ടി ഉൾപ്പെടെ 238+18%= 281 രൂപ ഈടാക്കുന്നുണ്ടെങ്കിലും ജി.എസ്.ടി തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ലായെന്ന് കാണുന്നു. പെനാൽറ്റീസ് ആന്റ് ഫൈൻസ് എന്ന ഹെഡിലാണ് ബിറ്റുമിൻ ജി.എസ്.റ്റി

ഒടുക്കിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് | കരാറുകാരന്റെ പേര് | ജി.എസ്.ടി |
|---|---|---|
| വടക്കേതുണ്ടം കോളനി റോഡ് റീടാറിംഗ് | എൻ.വിജയരാജൻ | 814 |
| ഐത്തൂർ കെ.എച്ച്.എസ് റോഡ് നവീകരണം | എൻ.വിജയൻ | 1714 |
| സൺഡേ സ്കൂൾ കാരിക്കുളങ്ങര റോഡ് നവീകരണം | ജിതിൻ മോഹൻ | 1200 |
| കടനാത്തു കാരിത്തറ റോഡ് പുനരുദ്ധാരണം | കെ.ബാലകൃഷ്ണൻ | 1414 |
| മണപ്പള്ളി അൻപൊലിക്കളം റോഡ് പുനരുദ്ധാരണം | കെ.ബാലകൃഷ്ണൻ | 1114 |
| ഒറ്റത്തെങ്ങുംമൂട് ഇക്കര റോഡ് റീടാറിംഗ് | ജിതിൻ മോഹൻ | 1414 |
| പത്തിച്ചിറ സെന്റ് ജോൺസ് സ്കൂൾ മുതൽ മണിയേൽ ജം. റോഡ് | കെ.ബാലകൃഷ്ണൻ | 1328 |
| കോളശ്ശേരിൽ ക്ഷേത്രം മുതൽ ചന്നംചേരിൽ സ്കൂൾ വരെയും കരോലിൽ കോളനി റോഡ് നവീകരണം - വാർഡ് 17,18 | അരുൺ സോമൻ | 985 |
| നല്ലേത്തു പുതുശ്ശേരി റോഡ് നവീകരണം | കെ.ബാലകൃഷ്ണൻ | 1114 |
| വലിയപെരുംപുഴപ്പള്ളി കാട്ടാറ്റ് വരെ റോഡ് റീടാറിംഗ്-വാർഡ് 2 | കെ.സോമൻ | 1756 |
| | | 12853 |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/21-22 /28.02.2023) മറുപടി ഹാജരാക്കിയില്ല. ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റ് - പ്രവർത്തനക്ഷമമായിട്ടില്ല.

ചെട്ടികുളങ്ങര പഞ്ചായത്തിലെ പി.എച്ച്.സി കോമ്പൗണ്ട്, ഗവ യു.പി.എസ്, ആഞ്ഞിലിപ്ര, പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 2 ബിന്നുകൾ വീതം അടങ്ങുന്ന മൂന്ന് യൂണിറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്.

| | |
|---|---|
| പ്രോജക്റ്റ് നം. | S0196/21 |
| എസ്റ്റിമേറ്റ് | 824000 |
| കരാർ നം | 31/AE/LID&EW/30.10.20 |
| കരാറുകാരൻ | ഫ്ലോററ്റ് ടെക്നോളജീസ് |
| ആകെ മൂല്യം | 712002 |
| തുക | 699288/-<br>ചെക്ക് നം.599649/16.08.21 |
| | 12714/-<br>ചെക്ക് നം.33829/16.08.21 |
| എം ബുക്ക് നം | 20/21-21, 161/21-22 |

യൂണിറ്റുകളുടെ നിർമ്മാണം 03.08.21 ൽ പൂർത്തീകരിച്ചുവെങ്കിലും ഇതേ വരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് കാണുന്നു. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/21-22/28.02.2023) മറുപടി ഹാജരാക്കിയില്ല. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ ഇതേ വരെയും പ്രവർത്തനക്ഷമമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 712002/- രൂപ തടസ്സപ്പെടുത്തുന്നു.

മുൻവർഷങ്ങളിൽ (2019-20,2020-21) പി.എച്ച്.സി കോമ്പൗണ്ട്, ഗവ യു.പി.എസ്, കണ്ണമംഗലം, ഗവ യു.പി.എസ്,

കണ്ണമംഗലം തെക്ക് എന്നിവിടങ്ങളിൽ ഐ.ആർ.റ്റി.സി മുഖേന 2 ബിന്നുകൾ വീതം അടങ്ങുന്ന എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ 6 യൂണിറ്റുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 എം.ജി.എൻ.ആർ.ഇ.ജി.എസ് - ധനവിനിയോഗത്തിലും പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തലിലും അപാകം

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴിയുള്ള ധനവിനിയോഗം, പ്രവൃത്തികളുടെ മൂല്യനിർണ്ണയം തുടങ്ങിയവയിൽ താഴെ പറയുന്ന അപാകം കാണുന്നു.

എ) ഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തിയാകുന്നതിന് മുൻപ് അളവുകൾ രേഖപ്പെടുത്തിയതായി അളവ് പുസ്തകങ്ങളിൽ നിന്ന് വ്യക്തമാകുന്നു. ഉദാഹരണമായി വർക്ക് കോഡ് എൽ.ഡി 409918 പ്രകാരമുള്ള പ്രവർത്തിയുടെ അളവുകൾ അവസാനം രേഖപ്പെടുത്തിയിരിക്കുന്നത് 26.10.2021 ൽ ആണ് (എം.ബുക്ക് നം. 97/21-22). എന്നാൽ ഈ പ്രോജക്റ്റിലെ മസ്റ്റർറോൾ നം.3059,3060 എന്നിവ പ്രകാരമുള്ള നിലമൊരുക്കൽ പ്രവൃത്തികൾ 26.10.21 മുതൽ 01.11.21 വരെയും മസ്റ്റർറോൾ നം. 3242 പ്രകാരമുള്ളവ 6.11.21 മുതൽ 8.11.21 വരെയും നടത്തപ്പെട്ടവയാണ്. 223 മനുഷ്യദിനങ്ങളാണ് ഈ കാലയളവിൽ വിനിയോഗിക്കപ്പെട്ടത്.

മേൽപ്പറഞ്ഞതുൾപ്പെടെ നിരവധി പ്രവൃത്തികളുടെ സൈറ്റ് ഡയറിയിലെ സന്ദർശന കുറിപ്പ് രേഖപ്പെടുത്തേണ്ട ഭാഗത്ത് എം.ജി.എൻ.ആർ.ഇ.ജി.എസ് അക്രഡിറ്റഡ് എൻജിനീയർ അഥവാ ഓവർസിയർ രേഖപ്പെടുത്തലുകൾ ഒന്നും വരുത്തിയിട്ടുമില്ല. ഇതിൽ നിന്ന് കൃത്യമായ സൈറ്റ് പരിശോധന ഇല്ലാതെ അളവുകൾ രേഖപ്പെടുത്തുന്നതായി വ്യക്തമാകുന്നു. എസ്റ്റിമേറ്റ്, ബിൽ മുതലായവയിൽ എങ്ങും തന്നെ വസ്തുവിന്റെ സർവ്വേനമ്പർ, ഉടമസ്ഥന്റെ പേര് മുതലായ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. വസ്തുനികുതി രസീത് അടക്കമുള്ള വിവരങ്ങൾ ഒന്നും ഫയലിൽ സൂക്ഷിക്കുന്നുമില്ല.

ബി) സൈറ്റിലെ യഥാർത്ഥ മെഷർമെന്റിനനുസരിച്ചല്ല അളവുകൾ രേഖപ്പെടുത്തുന്നത്. പകരം എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കി അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തുന്നതായും കാണുന്നു. LD409889 പ്രകാരമുള്ള ഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ പ്രവൃത്തികളിൽ 5 വ്യത്യസ്ഥ സർവ്വേ ഫീൽഡിൽ പെട്ട വസ്തുക്കളിൽ പ്രവൃത്തി നടന്നതായാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എം.ബുക്ക് നം 77/21-22 ൽ 1719ച.മി ഭാഗത്ത് നടന്ന പുല്ല് നീക്കം ചെയ്യൽ, 1136.8 ച.മി. ൽ നടന്ന വാരം തീർക്കൽ എന്നിവ 3 മെഷർമെന്റുകളിലായി രേഖപ്പെടുത്തിയിരിക്കുന്നു. സമീപസ്ഥമല്ലാത്ത അഞ്ച് ഫീൽഡുകളിൽ നിന്ന് മെഷർമെന്റുകൾ മൂന്നായി ക്രോഡീകരിച്ച് രേഖപ്പെടുത്തുക തീർത്തുമപ്രായോഗികമാണ്.

സി) തുക പിൻവലിച്ച് അഡ്മിൻ അക്കൗണ്ടിൽ നിക്ഷേപിക്കുന്നു.

പ്രവൃത്തി നടന്ന സ്ഥലങ്ങളിൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള പണവും തൊഴുത്ത് നിർമ്മാണത്തിനുള്ള പണവും നേരിട്ട് നൽകാതെ അഡ്മിൻ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുകയും അവിടെ നിന്ന് ചെക്ക്/ബാങ്ക് ട്രാൻസ്ഫർ വഴി മേറ്റ് അഥവാ ഗുണഭോക്താവിന് നൽകുകയുമാണ് ചെയ്തിരിക്കുന്നത്. ഇത് സർക്കാർ നിർദ്ദേശത്തിന്റെ ലംഘനമാണ്.

ബോർഡുകൾ സ്ഥാപിച്ചതിന്റെ ചെലവ് മേറ്റ് വഹിച്ചതായി കൈപ്പറ്റ് രസീതുകളിൽ നിന്ന് വ്യക്തമാകുന്നുണ്ട്. ഇതിന്റെ പണം 5.52 ലക്ഷം രൂപ വിവിധ മേറ്റുമാരുടെ അക്കൗണ്ടിലേയ്ക്ക് കേരള ഗ്രാമീൺ ബാങ്കിലുള്ള അഡ്മിൻ അക്കൗണ്ടിൽ നിന്ന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകുകയാണ് ഉണ്ടായത് (വൗച്ചർ നം. 22100636; 22.10.21). തൊഴുത്ത് നിർമ്മാണത്തിനുള്ള 6.19 ലക്ഷം രൂപ 10 ഗുണഭോക്താക്കൾക്കായി അഡ്മിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ശേഷം ചെക്ക് മുഖേന നൽകിയിട്ടുമുണ്ട്. കേരള ഗ്രാമീൺ ബാങ്കിലുള്ള അഡ്മിൻ അക്കൗണ്ടിൽ 1.4.2021 ൽ 13.89 ലക്ഷം രൂപ ഉണ്ടായിരുന്നു. തൻവർഷം 13.77 ലക്ഷമാണ് ഈ അക്കൗണ്ടിൽ വരവ് വന്നത്. വർഷാവസാനം 7.66 ലക്ഷം രൂപ നീക്കിയിരുപ്പുമുണ്ട്. നീക്കിയിരുപ്പ് തുകയുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഇത്രയും തുക വിനിയോഗിക്കാതെ നിൽക്കുന്നതിന്റെ കാരണവും വ്യക്തമല്ല.

ഡി) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് കാലികമാക്കുന്നില്ല. ഓഡിറ്റ് സമയത്ത് (1.3.23) 2022 ഒക്ടോബർ വരെയുള്ള രേഖപ്പെടുത്തൽ മാത്രമാണ് വരുത്തിയിട്ടുള്ളത്. ക്യാഷ് ബുക്കിൽ പണമിടപാട് രേഖപ്പെടുത്തുന്ന തീയതിയിലും അപാകം ദൃശ്യമാണ്. ഉദാഹരണമായി വൗച്ചർ നം. 22100636 വഴി 22.10.21 ൽ 5.52 ലക്ഷം രൂപ ചെലവഴിച്ചത് 8.11.21 ൽ മാത്രമാണ് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം - 11/21-22 ന് മറുപടിയും ലഭ്യമായില്ല. അപാകങ്ങൾ പരിഹരിക്കപ്പെടുന്ന എന്നും അളവുകൾ രേഖപ്പെടുത്തുന്നതിൽ കൃത്യത പുലർത്തുന്ന എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

അഡ്മിൻ അക്കൗണ്ടിൽ പിൻവലിച്ച് നിക്ഷേപിച്ചിട്ടുള്ള തുകകൾ തിരികെ ഒടുക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 പ്രൊക്യൂർമെന്റ് കമ്മറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ഒരു സമാഹരണ പ്ലാൻ ഉണ്ടാകേണ്ടതുണ്ട്. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങൽ നടത്തുന്ന പ്രൊക്യൂർമെന്റ് ടീമിന്റെ മേൽ നോട്ടം പ്രൊക്യൂർമെന്റ് കമ്മിറ്റി മുഖാന്തിരമാണ് നടത്തുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ നിർവ്വഹണ അധികാരിയായ പ്രസിഡന്റ് ചെയർ പേഴ്സണായുള്ള സമിതിയാണ് നിർവ്വഹണ ഉദ്യോഗസ്ഥർ ഹാജരാക്കുന്ന രേഖകളുടെ സൂക്ഷ്മപരിശോധന നടത്തുന്നതും ഉചിതമായ തീരുമാനമെടുത്ത് ശുപാർശചെയ്യുന്നതും. മിക്കപ്പോഴും വാങ്ങൽ സമിതിയുടെ കൂടിയാലോചനകൾ പേരിനുമാത്രമാണ്.

2021-22 കാലയളവിൽ 24.03.22 ന് മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. അസി.സെക്രട്ടറിയുടെ പദ്ധതികൾക്ക് മാത്രമായി. മറ്റ് വാങ്ങലുകളൊന്നും പ്രൊക്യൂർമെന്റ് കമ്മറ്റി പരിശോധിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-22 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം - പൊതു അപാകതകൾ

2021-22 വർഷത്തെ മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1)ടെൻഡർ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. ആർക്കാണ് ടെണ്ടർ ഉറപ്പിച്ചതെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പല കോളങ്ങളിലും ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ലഭിച്ച EMD യുടെ വിവരങ്ങൾ, പങ്കെടുത്ത കരാറുകാരുടെ ഒപ്പ്, തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.
2) എഗ്രിമെന്റ് രജിസ്റ്റർ കൃത്യമായി എഴുതി പോരുന്നില്ല. എസ്റ്റിമേറ്റ്, പി.എ.സി, സെക്യൂരിറ്റി തുക, കരാർ തീയതി, പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി എന്നിവയൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

3) കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011 ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാൻ, റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

4) സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

5) തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 അഗതികൾക്ക് വീട് മെയിന്റനൻസ് - തുക സി.ഡി.എസ് അക്കൗണ്ടിൽ തുടരുന്നു

പ്രോജക്റ്റ് നം -S010/22

പ്രോജക്റ്റിന്റെ പേര്- അഗതികൾക്ക് വീട് മെയിന്റനൻസ്

അടങ്കൽ തുക -5,00,000( വികസനഫണ്ട്,)

ചെലവഴിച്ച തുക-5,00,000

ട്രഷറി ബിൽ നം 2/12-02-21-2,50,000/-

ട്രഷറി ബിൽ നം 3/12-02-21-2,50,000/-

1)അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ അഗതികൾക്ക് വീട് മെയിന്റനൻസ് എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ അഞ്ച് അഗതികൾക്ക് വീട് മെയിന്റനൻസിനായി സിഡിഎസ് മെമ്പർ സെക്രട്ടറി വഴി 500000/- രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിയിലെ 4 ഗുണഭോക്താക്കൾ ഹൗസ് മെയിന്റനൻസ് പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ഓവർസീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ടി ഗുണഭോക്താക്കൾക്ക് 100000/-രൂപ വീതം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി പദ്ധതിയിലെ ഗുണഭോക്താവായ സദാനന്ദൻപിള്ള, ചെങ്കിളിൽ, കടവൂർ, കരിപ്പുഴ എന്നയാൾ പണി പൂർത്തീകരിച്ചതായി കാണുന്നില്ല. ടിയാൾ മെയിന്റനൻസ് പൂർത്തീകരിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം 10/21-22/01-03-23) മറുപടി ലഭ്യമാക്കിയില്ല. ടിയാൾ അറ്റകുറ്റ പണി പൂർത്തിയാക്കി വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് വരെയും ടി

പദ്ധതിയിൽപെടുത്തി ശ്രീ സദാനന്ദൻപിള്ള, ചെങ്കിളിൽ, കടവൂർ, കരിപ്പുഴ വേണ്ടി ചെലവഴിച്ച 1,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) ടി പദ്ധതിയുമായി ബന്ധപ്പെട്ട് സിഡിഎസ് മെമ്പർ സെക്രട്ടറിയുടെ യൂണിയൻ ബാങ്കിന്റെ പാസ് ബുക്ക് പരിശോധിച്ചതിൽ (അക്കൗണ്ട് നം 584102010056969), ടി അക്കൗണ്ടിൽ 09/12/23 ൽ 9,69,493/- രൂപ ബാലൻസുള്ളതായി കാണുന്നു. ടി തുക ഏതൊക്കെ ഇനത്തിൽ ലഭിച്ചു എന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്( 10/21-22/01-03-23) ലഭ്യമാക്കിയ മറുപടിയിൽ മുൻ വർഷ പദ്ധതികളിൽ ജില്ലാ/ഗ്രാമ പഞ്ചായത്തിൽ നിന്നുമുള്ള വികസന ഫണ്ടിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയാണിതെന്നാണ് അറിയിച്ചത്. ചലഞ്ച് ഫണ്ട് ലഭിയ്ക്കാത്ത സാഹചര്യത്തിൽ സർക്കാർ അനുമതിയോടെ ടി തുക വിനിയോഗിയ്ക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്.

## 1-24 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -പദ്ധതി പൂർത്തീകരിച്ചില്ല

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി പ്രോജക്ട് പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ,

1)പ്രോജക്ട് നം -S006/22

പ്രോജക്ടിന്റെ പേര്- എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ തുക -(34,00,000/-എസ്.സി.പി,)

ചെലവഴിച്ച തുക-22,00,000

| ക്രമനം | ഗുണഭോക്താവിന്റെ പേര്/മേൽവിലാസം | നൽകിയ തുക |
|---|---|---|
| 1 | ജയകുമാർ, ഭാരതീയം | 1,25,000 |
| 2 | ഉഷ, കാതവേലിൽ | 1,25.000 |
| 3 | വിജയ സുനിൽ, ഉണ്ടുതറയിൽ | 1,25.000 |
| 4 | റാണി, ശരത് ഭവനം | 1,25.000 |
| 5 | സുനിൽകുമാർ.ഡി, മണ്ഡപത്തിന്റെ കിഴക്കതിൽ | 1,25.000 |
| 6 | ജയപ്രകാശ് ,ജയഭവനം | 1,25.000 |
| 7 | രജനി മോൾ ,മണ്ണൂർ | 1,25.000 |
| 8 | സൗമ്യ,സുരേഷ് ഭവനം | 1,25.000 |
| 9 | സുധാമണി ,കളത്തിൽ വടക്കതിൽ | 1,25.000 |
| 10 | ഗംഗ മണ്ണനേത്ത് | 1,25.000 |
| 11 | സന്തോഷ്കുമാർ കോതകേരിൽ | 1,25.000 |
| 12 | മഹാദേവൻ,പുഞ്ചത്തറയിൽ | 50000 |
| 13 | രമാദേവി ,വള്ളിക്കണ്ടത്തിൽ | 1,25.000 |
| 14 | സുരേഷ്.പി .സുരേഷ് ഭവനം | 1,25.000 |
| 15 | രാധാകൃഷ്ണൻ.ജി, ഇടയിലെ മണ്ണൂർത്തറയിൽ | 1,25.000 |

2)പ്രോജക്ട് നം -S00115/22

പ്രോജക്ടിന്റെ പേര്- എസ് സി കുട്ടികൾക്ക് പഠനമുറി സജ്ജമാക്കൽ

അടങ്കൽ തുക -(1040000/-എസ്.സി.പി,)

ചെലവഴിച്ച തുക-9,50,000

| ക്രമനം | ഗുണഭോക്താവിന്റെ പേര്/ മേൽവിലാസം | നൽകിയ തുക |
|---|---|---|
| 1 | ഉണ്ണികൃഷ്ണൻ, കുന്നത്തേത്, കൈതവടക്ക് | 1,70.000 |
| 2 | സിന്ധു.ആർ.രമേശ്, മുണ്ടപ്പള്ളിൽ കിഴക്കതിൽ, കൈതവടക്ക് | 1,70.000 |
| 3 | അംബുജൻ, ആക്കോട് വീട്, കണ്ണമംഗലം വടക്ക് | 1,70.000 |

മേൽ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിയ്ക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് എൻക്വയറി നം 09/01-03-23 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് നം 06/22 ൽ സുരേഷ്.പി, സുരേഷ്ഭവനം എന്ന ഗുണഭോക്താവ് ഒഴികെയുള്ള ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചു എന്നും പ്രോജക്ട് നം -S00115/22 ൽ ഉണ്ണികൃഷ്ണൻ, കുന്നത്തേത്, കൈതവടക്ക്, ഒഴികെയുള്ളവർ പണി പൂർത്തീയാക്കി എന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ടി ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയത് സംബന്ധിച്ചുള്ള വാല്യൂവേഷൻ സർട്ടിഫിക്കറ്റ്/കംപ്ളീഷൻ സർട്ടിഫിക്കറ്റ് എന്നിവ ഫയലിനൊപ്പം ഹാജരാക്കിയില്ല. പണി പൂർത്തീകരിച്ച് വാല്യൂവേഷൻ സർട്ടിഫിക്കറ്റ്/ കംപ്ളീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് വരെ പ്രോജക്ട് നം 06/22 വേണ്ടി ചെലവഴിച്ച 1875000 രൂപയും പ്രോജക്ട് നം -S00115/22 വേണ്ടി ചെലവഴിച്ച 5,10,000 രൂപയും ചേർത്ത് 2385000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 പദ്ധതി ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുന്നില്ല.

പ്രോജക്ട് നം S0065/22

പ്രോജക്ടിന്റെ പേര്- കുടുംബാരോഗ്യകേന്ദ്രത്തിലെ സ്റ്റാഫുകൾക്ക് വേതനം

അടങ്കൽ തുക – 1219200/(തനത് ഫണ്ട്)

മെഡിയ്ക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കുടുംബാരോഗ്യകേന്ദ്രത്തിലെ സ്റ്റാഫുകൾക്ക് വേതനം എന്ന പദ്ധതിയ്ക്കായി തനത് ഫണ്ടിൽ നിന്നു 1219200/-രൂപ വകയിരുത്തിയിരുന്നു. തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ നിന്നും 101600/-രൂപ വീതം എല്ലാ മാസവും കുടുംബാരോഗ്യകേന്ദ്രത്തിലെ സ്റ്റാഫുകൾക്ക് വേതനമായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതായി കാണുന്നു. എന്നാൽ ടി തുക സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 15/02-03-23ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയ്ക്ക് തുക വകയിരുത്തിയിട്ടും പദ്ധതിചെലവ് അതിലൂടെ നിർവ്വഹിയ്ക്കാതെയിരുന്നത്, സബ്സിഡി മാർഗ്ഗരേഖയുടെയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെയും ലംഘനമാണ്. പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് നടപ്പാക്കേണ്ടതാണ്. പദ്ധതി ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 അഗതി-ആശ്രയ - ഫണ്ടിന്റെ അഭാവത്തിൽ ആവശ്യമായ സേവനങ്ങൾ ലഭിക്കുന്നില്ല

കേരളത്തിലെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെ, നിരാശ്രയരും അടിസ്ഥാന ജീവിതസൗകര്യങ്ങൾ നിഷേധിയ്ക്കപ്പെട്ടവരും, സാമൂഹ്യമായി ബഹിഷ്കൃതരും, യാതൊരുവിധ കണക്കെടുപ്പിലും ഉൾപ്പെടാത്തവരുമായ കുടംബങ്ങളെ സുതാര്യമായ മാനദണ്ഡങ്ങളുപയോഗിച്ച് പുനരധിവസിപ്പിയ്ക്കാനാണ് ടി പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

1)അഗതി ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലുമായി ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിൽ 186 ഗുണഭോക്താക്കൾക്ക് ഭൂമി, വീട്, കിണർ, കക്കൂസ് ഭക്ഷണം, മരുന്ന് ഉടങ്ങിയ സേവനങ്ങൾ ലഭ്യാമാക്കുകയുണ്ടായി. പദ്ധതിയുടെ രണ്ടു ഘട്ടത്തിലുമായി ലഭിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ചുവടെ കൊടുക്കുന്നു

| ഫണ്ടിനം | ലഭിച്ച തുക | ചെലവായ തുക |
|---|---|---|
| ചലഞ്ച് ഫണ്ട് | 1751861 | 12,86,427 |
| പ്ളാൻ ഫണ്ട് | 2966529 | 2966529 |
| ചലഞ്ച് ഫണ്ട് ബാലൻസ് തുക | 465434 | |

2) അഗതിരഹിത കേരളം പദ്ധതി പ്രകാരം ആകെ 212 ഗുണഭോക്താക്കൾക്ക് ആഹാരം, മരുന്ന്, വീട്, വീട് മെയിന്റനൻസ്, മരണാനന്തരചടങ്ങ്, കൗൺസിലിങ്ങ്, മെഡിയ്ക്കൽ ക്യാമ്പ് ഉടങ്ങിയ സേവനങ്ങൾ നൽകുകയുണ്ടായി. 2022 ഫെബ്രുവരിയ്ക്ക് ശേഷം ചലഞ്ച് ഫണ്ട് ലഭ്യമാകാതിരുന്നതിനാൽ മരുന്ന്, വീട്, അറ്റകുറ്റപ്പണി, ഭക്ഷ്യവസ്തുക്കളുടെ വിതരണം ഉടങ്ങിയ സേവനങ്ങൾ നൽകാൻ സാധിച്ചിട്ടില്ല. ചലഞ്ച് ഫണ്ട് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലുണ്ടാവേണ്ടതാണ്.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വിവിധ മരാമത്ത് പ്രവൃത്തികളിൽ ഡിസ്മാന്റിൽ ചെയ്ത സാധനങ്ങളുടെ ലേല നടപടികൾ സ്വീകരിച്ചിട്ടില്ല

20-21 സാമ്പത്തിക വർഷം വിവിധ മരാമത്ത് പ്രവൃത്തികളിൽ നീക്കം ചെയ്യപ്പെട്ടതും പുനരുപയോഗമുള്ളതുമായ

സാധനങ്ങൾക്ക് താഴെ പറയും പ്രകാരം മൂല്യനിർണ്ണയം നടത്തി ഗ്രാമപഞ്ചായത്തിന് സർവ്വെ റിപ്പോർട്ട് കൈമാറിയിട്ടുണ്ട്. സർവ്വെ റിപ്പോർട്ടുകൾ പ്രകാരമുള്ള മൂല്യനിർണ്ണയങ്ങളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് നം. | പേര് | നീക്കം ചെയ്യപ്പെട്ട സാധനങ്ങളുടെ വിവരം | സർവ്വെ റിപ്പോർട്ട് പ്രകാരമുള്ള മൂല്യം |
|---|---|---|---|
| S0050/21 | ഗവ.എൽ.പി.എസ് തെക്കേക്കര മേൽക്കൂര നവീകരണം സർവ്വെ റിപ്പോർട്ട് Dt . 31/05/21 | MP Tiles, MP Hip Tiles, Anjiliwood Scandlings | 54052 |
| S0105/22 | ഗവ.എൽ.പി.എസ് തെക്കേക്കര നോർത്ത് മേൽക്കൂര നവീകരണം 13/7/21 | MP Tiles, MP Hip Tiles, Anjiliwood Scandlings | 24442 |
| 145/22 | എഫ്.എച്ച്.സി ടോയിലറ്റ് മെയിന്റനൻസ് | Door-3nos. | 8100 |
| 33/21 | സ്കൂളുകളുടെ പുനരുദ്ധാരണം | MP Tiles, MP Hip Tiles, Anjiliwood Scandlings | 2279 |
| | | ആകെ | 88873 |

ലേല നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം, ഇതേ വരെയും ലേല നടപടികൾ സ്വീകരിച്ചിട്ടില്ലായെങ്കിൽ അതിന്റെ കാരണം എന്നിവ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/21-22/28.02.2023)മറുപടി ലഭ്യമാക്കിയില്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/കുടുംബ പെൻഷൻ ലഭിയ്ക്കുന്നവർ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്നു

സാമൂഹ്യപെൻഷൻ സംബന്ധിച്ച വിതരണ രേഖകളും സേവന പെൻഷൻ സോഫ്റ്റ് വെയറും പരിശോധിച്ചതിൽ, സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ/കുടുംബ പെൻഷൻ ലഭിയ്ക്കുന്ന ഗുണഭോക്താക്കാൾ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ,

| ക്രമ നം | പെൻഷൻ ഐഡി നം | പേര് മേൽവിലാസം | പി.പി.ഒ നം& ട്രഷറി | പെൻഷൻ അനുവദിച്ച തീയതി മുതൽ സസ്പെൻഡ് ചെയ്യപ്പെട്ട തീയതി വരെ ഉള്ള തുക സേവന പ്രകാരം | തിരികെ അടവാക്കിയ തുക | ബാലൻസ് തുക |
|---|---|---|---|---|---|---|
| 1 | 104830100697 | ശാരദാമ്മ, കൈതവിളയിൽ, മേനാംമ്പള്ളി | CQR/6175 | 41800 | 0 | 41800 |
| 2 | 104830101149 | ജാനകി, ചന്ദ്രഭവനം, ഈരേഴ വടക്ക് | ലഭ്യമല്ല | 58700 | 0 | 58700 |
| 3 | 104830101493 | ഓമന കളത്തിന്റെ വടക്കതിൽ | 86230707 | 52100 | 0 | 52100 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 104830101612 | പൊന്നമ്മ.കെ, ശരത് ഭവനം, കണ്ണമംഗലം തെക്ക് | ലഭ്യമല്ല | 52100 | 0 | 52100 |
| 5 | 104830201105 | ചെല്ലമ്മ, പേരാമ്പ്രയിൽ, കൊയ്പ്പള്ളി കാരായ്മ | Cgr/1892 | 25500 | 12000 | 13500 |
| 6 | 104830201523 | വിജയമ്മ.എൽ, ചെങ്കിലാത്ത് വീട്, കടവൂർ | ലഭ്യമല്ല | 68100 | 0 | 68100 |
| 7 | 104830201990 | തങ്കമ്മ യോഹന്നാൻ, തണ്ടളത്ത് കരീപ്പുഴ | ലഭ്യമല്ല | 81900 | 0 | 81900 |
| 8 | 104830202414 | ഗോപാലകൃഷ്ണപിള്ള, കൊച്ചുവീട്ടിൽ പീടികയിൽ, ഈരേഴതെക്ക് | 36208607 | 52500 | 0 | 52500 |
| 9 | 104830202566 | വിജയമ്മ, വിജയഭവനം, കണ്ണമംഗലം തെക്ക് | Cgr/8892 | 32600 | 0 | 32600 |
| 10 | 104830202903 | സാവിത്രിയമ്മ, ഈരേഴ വടക്ക് | Cgr/7151 | 6700 | 3500 | 3200 |
| 11 | 104830202923 | രത്നമ്മ, ശ്രീനിലയം, മേനാംമ്പള്ളി | Cgr/8831 | 3700 | 0 | 3700 |
| 12 | 104830202945 | ആനന്ദക്കുഞ്ഞമ്മ, നമ്പിയത്ത് വീട്, കൈതവടക്ക് | ലഭ്യമല്ല | 32600 | 0 | 32600 |
| 13 | 104830400336 | സോമരാജ്. പി.എൻ പച്ചമ്പള്ളി | ലഭ്യമല്ല | 64100 | 0 | 64100 |
| 14 | 104830203277 | സരസമ്മ, കൃഷ്ണാലയം, ഈരേഴതെക്ക് | ലഭ്യമല്ല | 31500 | 0 | 31500 |
| 15 | 104830203106 | അച്യുതൻ പിള്ള, എ.ആർ വില്ല, ഈരേഴവടക്ക് | ലഭ്യമല്ല | 31500 | 0 | 31500 |
| | | | | | ആകെ | 619900 |

ധനകാര്യവകുപ്പിന്റെ (എസ്.എഫ്.സി.സെൽ-ബി) 23/01/2020 ലെ 07/2020 നം സർക്കുലർ പ്രകാരം സാമൂഹ്യസുരക്ഷാപെൻഷൻ അനർഹമായി കൈപ്പറ്റി വരുന്ന സർക്കാർ ജീവനക്കാർ/സർവ്വീസ് പെൻഷണർമാർ/കുടുംബ പെൻഷണർമാർ എന്നിവരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മേൽ പെൻഷണർമാരിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/02-03-23 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ വ്യക്തികൾ അനധികൃതമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല.

പഞ്ചായത്തിൽ നിർവഹിക്കപ്പെടുന്ന വിവിധ ടാറിംഗ് പ്രവൃത്തികളുടെ ആകെ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയായി 18% ജി.എസ്.ടി ഉൾപ്പെടെ 238+18%= 281 രൂപ ഈടാക്കുന്നുണ്ടെങ്കിലും ജി.എസ്.ടി തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ലായെന്ന് കാണുന്നു. പെനാൽറ്റീസ് ആന്റ് ഫൈൻസ് എന്ന ഹെഡിലാണ് ബിറ്റുമിൻ ജി.എസ്.റ്റി ഒടുക്കിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് | കരാറുകാരന്റെ പേര് | ജി.എസ്.ടി |
|---|---|---|
| വടക്കേതുണ്ടം കോളനി റോഡ് റീടാറിംഗ് | എൻ.വിജയരാജൻ | 814 |
| ഐത്തൂർ കെ.എച്ച്.എസ് റോഡ് നവീകരണം | എൻ.വിജയൻ | 1714 |
| സൺഡേ സ്കൂൾ കാരിക്കുളങ്ങര റോഡ് നവീകരണം | ജിതിൻ മോഹൻ | 1200 |
| കടനാത്തു കാരിത്തറ റോഡ് പുനരുദ്ധാരണം | കെ.ബാലകൃഷ്ണൻ | 1414 |
| മണപ്പള്ളി അൻപൊലിക്കളം റോഡ് പുനരുദ്ധാരണം | കെ.ബാലകൃഷ്ണൻ | 1114 |
| ഒറ്റത്തെങ്ങുംമൂട് ഇക്കര റോഡ് റീടാറിംഗ് | ജിതിൻ മോഹൻ | 1414 |
| പത്തിച്ചിറ സെന്റ് ജോൺസ് സ്കൂൾ മുതൽ മണിയേൽ ജം. റോഡ് | കെ.ബാലകൃഷ്ണൻ | 1328 |
| കോളശ്ശേരിൽ ക്ഷേത്രം മുതൽ ചന്നംചേരിൽ സ്കൂൾ വരെയും കരോലിൽ കോളനി റോഡ് നവീകരണം - വാർഡ് 17,18 | അരുൺ സോമൻ | 985 |
| നല്ലേത്തു പുതുശ്ശേരി റോഡ് നവീകരണം | കെ.ബാലകൃഷ്ണൻ | 1114 |
| വലിയപെരുംപുഴപ്പള്ളി കാട്ടാറ്റ് വരെ റോഡ് റീടാറിംഗ്-വാർഡ് 2 | കെ.സോമൻ | 1756 |
| | | 12853 |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/21-22 /28.02.2023), മറുപടി ഹാജരാക്കിയില്ല. ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 525000 | നെൽകൃഷിവികസനം | 525000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 333150 | | 333150 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 133716 | പാലിയേറ്റീവ് കെയർ | 133716 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | ഭിന്നശേഷി സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 199380 | | 199380 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 250000 | അനുപൂരക പോഷകാഹാരം | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 421930 | പാലിന് സബ്സിഡി(ജനറൽ) | 421930 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | | 100000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ | 21070452011100845514 / 27.12.21 | 561104 | 0 | 561104 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 697200/- വൗച്ചർ നം. XVFCP/44/28.03.22<br>ചെക്ക് നം.0310/28.3.22<br>16000/- തനതു ഫണ്ട് | 713200 | 0 | 713200 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | പാലമുക്ക് ലക്ഷം വീട് കോളനി കുടിവെള്ളം എത്തിക്കൽ | XVFC P/43 / 27.03.22 | 1800000 | 0 | 1800000 |
| കെഎസ് ഇ ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 21070452011101299141 / 10.03.22 | 159130 | 0 | 159130 |
| കെഎസ് ഇ ബി | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ | XVFC P/46 /28.03.22 | 367546 | 0 | 367546 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 40000 രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | . | 16520000 | 14586472 | 2312304 | | 12274168 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2017-18 | 38 | 2010-11 | 5.2.12(1) | പേപ്പർ ക്യാരിബാഗ് നിർമ്മാണം പരിശീലനം | ലോക്കൽ ഫണ്ട് അക്കൌണ്ട്സ് കമ്മിറ്റിയുടെ അദാലത്തിൽ |

## 4-8 ചാർജ്ജ്/ സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 119211209 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 118122086 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7526453 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 3600980 | സനൽ ദത്ത്. ആർ, സെക്രട്ടറി |
| 1-16 | 728471 | സനൽ ദത്ത്. ആർ, സെക്രട്ടറി |
| 1-19 | 712002 | കൃഷ്ണേന്ദു, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-23 | 100000 | എം.ജനാർദ്ദനൻ നായർ, അസി.സെക്രട്ടറി |
| 1-24 | 2385000 | എം.ജനാർദ്ദനൻ നായർ, അസി.സെക്രട്ടറി |
| | 7526453 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-16 | 14570,ജി.എസ്.റ്റി | സനൽ ദത്ത്. ആർ, സെക്രട്ടറി |
| 1-18 | 12853,ജി.എസ്.റ്റി | സനൽ ദത്ത്. ആർ, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| സനൽ ദത്ത്.ആർ, സെക്രട്ടറി | സെക്രട്ടറി, ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് | കല്ലുംമൂട്ടിൽ, ക്ലാപ്പന.പി.ഒ, കരുനാഗപ്പള്ളി |
| കൃഷ്ണേന്ദു, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് | കൃഷ്ണേന്ദു. ജി.കെ, എറപുത്തൻ വീട്, ചാങ്ങ.പി.ഒ, വെള്ളനാട്, തിരുവനന്തപുരം |
| എം.ജനാർദ്ദനൻ നായർ, അസി.സെക്രട്ടറി | വിരമിച്ചു | നന്ദനം, കണ്ടിയൂർ പി.ഒ, തട്ടാരമ്പലം |
| ശാരി.ബി, അസിസ്റ്റന്റ് എഞ്ചിനീയർ, എം.എൻ.ആർ.ഇ.ജി.എസ് | ശാരി.ബി, അസിസ്റ്റന്റ് എഞ്ചിനീയർ, എം.എൻ.ആർ.ഇ.ജി.എസ് | ശാരി.ബി, മാങ്കൂർത്തറ വടക്കതിൽ, ഓലകെട്ടിയമ്പലം പി.ഒ, മാവേലിക്കര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജിഎ5-1832/11/ 02.02.12 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജിഎ5-1577/2013/ 24.5.14 |
| 2010-11 മുതൽ 2011-12 വരെ | എൽ.എഫ്.എപി 7-349/2014/ 19.03.14 |
| 2012-13 | എൽ.എഫ്.എ.പി7-397/2015/25.6.15/7.7.15 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി7-1608/15/23.12.15/15.01.16 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി7-830/16/29.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി7-1562/16, തീ. 30.12.16/ 20.01.2017 |
| 2016-17 | നം. കെ.എസ്.എ-എ.എൽ.പി-പി.7-938/17 തീ. 22.07.2017 |
| 2017-18 | നം. കെ.എസ്.എ-എ.എൽ.പി-പി.7-352/19 തീയതി. 15.05.2019 |
| 2018-19 | നം. കെ.എസ്.എ-എ.എൽ.പി-പി.7-144/20 തീയതി. 10.02.2020 |
| 2019-20 | നം. കെ.എസ്.എ-എ.എൽ.പി-പി.7/1143/21/27.03.22 |
| 2020-21 | നം. കെ.എസ്.എ-എ.എൽ.പി-പി.7/1144/21/04-05-22 |

ഡെപ്യൂട്ടി ഡയറക്ടർ ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്